

ടച്ച് മീ
TOUCH ME
ഒക്ടോബർ 2025



# 11-ാം
## ചരമവാർഷികം
07-10-2025



# വി.സി. തമ്പി

**വടക്കൂട്ട് ഹൗസ്**
**കക്കാട് - കുന്നംകുളം**

**ദുഃഖസ്മരണകളോടെ : ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**



ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2025 ഒക്ടോബർ | ലക്കം : 2

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു**-7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന ഷാജി**-7306885746
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്**-7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.**-6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.**-6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| The one and only | 4 |
| ഇടവക വാർത്തകൾ | 5 |
| വഴിവിളക്ക് | 10 |
| വിശ്വാസപരിശീലനം | 11 |
| സഭാവാർത്തകൾ | 12 |
| ചെറിയ തിരുനാൾ | 13 |
| പ്രതിനിധിയോഗ അംഗങ്ങൾ | 14 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| അനുമോദനങ്ങൾ | 18 |
| മിഴിവിളക്ക് | 20 |
| ജപമാല ആഭരണമല്ല, ആയുധമല്ല | 21 |
| സംഘടനാ വാർത്തകൾ | 23 |
| ഇടവക ആൽബം | 25 |
| വഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| ജൂനിയർ സി.എൽ.സി. | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

നാം വീണ്ടും ഒക്ടോബർ മാസത്തിലേക്ക് പ്രവേശിക്കുകയാണ്. കത്തോലിക്കാ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ മാസം സുപ്രധാന മാസവും സവിശേഷ ദിനങ്ങളും ആണ്. കാരണം പരിശുദ്ധ കുർബാന കഴിഞ്ഞാൽ നമ്മുടെ പ്രിയപ്പെട്ട പ്രാർത്ഥനയായ ജപമാലയ്ക്കായി പ്രത്യേകമായി നീക്കി വച്ചിരിക്കുന്ന മാസമാണ് ഇത്. പരിശുദ്ധ അമ്മയോട് അത്യധികം ഭക്തിയും വിശ്വാസവും ഉള്ള നമ്മുടെ ആത്മീയ ജീവിതത്തിന് ഈ ദിനങ്ങൾ മുതൽക്കൂട്ടായി മാറുന്നുണ്ട്. ജപമാലയിലൂടെ അമ്മ വഴി നാം സ്വർഗ്ഗസ്ഥനായ പിതാവിനോട് പ്രാർത്ഥിക്കുന്നുവെന്ന ഉറച്ച ബോധ്യമാണ് ഈ പ്രാർത്ഥനയെ നമുക്ക് ഏറ്റവും പ്രിയപ്പെട്ടതാക്കി മാറ്റുന്നത്. പരിശുദ്ധ അമ്മ തന്റെ മക്കൾക്കായി നൽകുന്നതിൽ ഏറ്റവും വിലപിടിച്ച സമ്മാനവും ജപമാല തന്നെ. ദൈവത്തിൽ നിന്ന് പ്രസാദമഴ പെയ്യിക്കുന്ന പ്രാർത്ഥനയാണ് ജപമാല എന്ന് അഭിപ്രായപ്പെട്ടത് പന്ത്രണ്ടാം പീയൂസ് മാർപാപ്പയാണ്. എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും ജപമാല ചൊല്ലണം എന്ന് ഒമ്പതാം പീയൂസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നതിന് പിന്നിലെ കാരണവും മറ്റൊന്നല്ല. ജപമാല വിശ്വാസത്തോടെ കയ്യിൽ പിടിച്ചിരിക്കുന്നത് പോലും തിന്മയെ ഉന്മൂലനം ചെയ്യും. പിശാചിനെ പിടിച്ചുകെട്ടാൻ ജപമാലക്ക് ശക്തിയുണ്ടെന്ന് പരിശുദ്ധ അമ്മതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ആകയാൽ നമുക്ക് ഈ മാസം കൂടുതലായി ജപമാല ഭക്തിയിൽ വളരാം. ഒരു രഹസ്യമെങ്കിലും കൂടുതൽ ചൊല്ലുമെന്ന് മാതാവിന് വാക്കുകൊടുക്കാം. പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രചരിപ്പിക്കും എന്നും അനേകരെ തന്നാലാവും വിധം മാതൃസന്നിധിയിലേക്ക് കൊണ്ടുവരുമെന്നും നമുക്ക് പ്രതിജ്ഞ എടുക്കാം. ജീവിതത്തിലെ വിവിധ ഭൗതിക ആവശ്യങ്ങൾക്കായി നമുക്ക് ജപമാലയിലൂടെ മാധ്യസ്ഥം തേടാം. ഈ ഒക്ടോബർ മാസം നമുക്കും പ്രിയപ്പെട്ടവർക്കും കൂടുതൽ അനുഗ്രഹദായകം ആകട്ടെ.

സ്നേഹമുള്ളവരേ, ജപമാല പ്രാർത്ഥന വഴി നമ്മിൽ ദൈവസ്നേഹം കൂടും. നമ്മുടെ ആത്മാക്കൾ വിശുദ്ധീകരിക്കപ്പെടും. ശത്രുക്കളുടെ മേൽ വിജയം ലഭിക്കും. സുകൃതാഭ്യാസം എളുപ്പമാകും. കൂടുതൽ ദൈവകൃപ കിട്ടും. ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ കടങ്ങൾ വീട്ടുന്നതിന് കാരണമായിത്തീരും. ആത്മീയ ബന്ധങ്ങൾ ആരോഗ്യകരമാകും. കരയുന്നവർക്ക് ആശ്വാസം ലഭിക്കും. പ്രലോഭനങ്ങളെ അതിജീവിക്കുവാൻ എളുപ്പം സാധിക്കും. ദരിദ്രർക്ക് സഹായം കിട്ടും. സന്യാസ സഭകൾ നവീകരിക്കപ്പെടും. അറിവില്ലാത്തവർക്ക് ദൈവീക ജ്ഞാനം ലഭിക്കും. അതിനാൽ നമ്മുടെ വ്യക്തിപരമായ നന്മയ്ക്കുവേണ്ടി കുടുംബത്തിന്റെ നന്മയ്ക്ക് വേണ്ടി ലോകത്തിന്റെ മാനസാന്തരത്തിന് വേണ്ടി നമ്മുടേയും മറ്റുള്ളവരുടേയും പാപങ്ങൾക്ക് പരിഹാരമായി നമുക്ക് ഭക്തിയോടുകൂടി മുഴുവൻ കൊന്തചൊല്ലി പ്രാർത്ഥിക്കാം. ഈ ഒക്ടോബർ മാസം നമ്മൾ ചൊല്ലുന്ന ജപമാല പ്രാർത്ഥന വഴി നമ്മെയും നമ്മുടെ കുടുംബങ്ങളേയും സഭയേയും ലോകത്തേയും ദൈവം കൂടുതൽ അനുഗ്രഹിക്കട്ടെ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

## പ്രബോധകനായ ഈശോ


സുവിശേഷങ്ങളിലെ ഏറ്റവും ആകർഷകമായ ഭാഗങ്ങളിലൊന്ന് ഈശോയുടെ മലയിലെ പ്രസംഗമാണ് (മത്താ 5:1-12). ഇവിടെ പ്രബോധകനായ ഈശോയുടെ ചിത്രം വളരെ വ്യക്തമായി നമുക്ക് കാണാം. മാനുഷിക ജീവിതത്തെ ബാധിക്കുന്ന നിരവധി പ്രമേയങ്ങളെക്കുറിച്ച് ഈശോ പഠിപ്പിച്ചതായി സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. ദൈവരാജ്യത്തിന്റെ ആഗമനം പ്രഘോഷിച്ച് ഈശോ, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു (മത്താ. 6:9-15), പീഡനങ്ങളുടെ മുമ്പിൽ തളരരുതെന്ന് ഉദ്ബോധിപ്പിച്ചു (മത്താ. 10:17-42), വി. കുർബാനയെപ്പറ്റി പഠിപ്പിച്ചു (യോഹ 6:35-38), കളകളിലൂടെയും ഉപമകളിലൂടെയും ഈശോ തന്റെ ശ്രോതാക്കളോട് ദൈവീകരഹസ്യങ്ങളെപ്പറ്റി പറഞ്ഞു (മത്താ 13:1-50, 16:5-12, 18:23-85). എല്ലാ ക്രിസ്ത്യാനികളും പ്രബോധകരാണ്. പുരോഹിതരിൽനിന്ന്, നിത്യപുരോഹിതനായ ഈശോയുടെ സഹായത്താൽ, നമുക്ക് പഠിക്കാം, പങ്കുവെയ്ക്കാം.

### ആത്മാവിൽ ജ്വലിക്കുവാൻ

12. എല്ലാം ദൈവത്തിന്റെ ദാനമാകയാൽ അഹങ്കാരം വെടിഞ്ഞ് എളിമയിൽ വ്യാപരിക്കുക.
13. ദിവസവും അരമണിക്കൂറെങ്കിലും ബൈബിൾ വായിക്കുക, വചനം പഠിക്കുക.
14. ലോകമെങ്ങും സുവിശേഷത്താൽ പ്രാർത്ഥിക്കുക.
15. ധ്യാനരുചി നഷ്ടപ്പെടാതിരിക്കാൻ ഇടയ്ക്കിടക്ക് നവീകരണ ധ്യാനത്തിൽ പങ്കെടുക്കുക.

*ആത്മാവിൽ ജ്വലിക്കുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ...*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം



# The one and only
# SOURCE OF MY EVERYTHING.

**Dn. ANSON PANNAKTHIL CST**

In search of true love,
I have found it in the Holy Eucharist.
Lord, in search of peace and joy,
I have found it in the Holy Eucharist.
Oh, my loving Jesus, in search of ultimate happiness,
I have found it in the Holy Eucharist.
My Lord, when there were uncountable
questions raised in my heart,
I got answers in front of the Eucharist.
When my life began to deviate from you,
Lord, you yourself appeard before my eyes in
the form of thin bread.
When I was blind to see the goodness of my brethren,
through the Eucharistic presence, you have torned the
layer of greed of my whole being.
Again, Lord, the following are the modes how you became
my favourite forever;
You are the only one who gave me a second chance
through sacrificing yourself on the cross,
You are the one who gave me hope through the
reception of holy eucharist,
Lord, above all you have chosen me to
become a good shephered,
the shephered who feeds the sheep towards you.
My Lord, my words are limited to explain your good deeds...
How can I thank you Lord, without offering
myself in thy hands...

ആദരാഞ്ജലികൾ



## അഭിവന്ദ്യ മാർ **ജേക്കബ് തൂങ്കുഴി പിതാവിന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക സമൂഹത്തിന്റെ

**ആദരാഞ്ജലികൾ**



ജനനം
4 – 5 – 1958

മരണം
24 – 10 – 2020

**5-ാം**

**ചരമവാർഷികം**

**24-10-2025**



## വാഴപ്പിള്ളി ഫ്രാൻസീസ്

# ആന്റണി

**കുന്നംകുളം**

*With Prayers*

RosilyAntony
Anukul Antony &
Akhil Antony



# 1-ാം
# ചരമവാർഷികം
09-10-2025



പള്ളിപ്പുറത്ത്
അന്തോണി ഭാര്യ

## റോസി

കുന്നംകുളം

ജനനം
15 – 12 – 1937

മരണം
09 – 10 – 2024

പ്രാർത്ഥനാപൂർവ്വം
സന്തപ്ത കുടുംബാംഗങ്ങൾ

# ഇടവക വാർത്തകൾ

**ഒക്ടോബർ 1 ബുധൻ : മരിയോത്സവം 2025, വി. കൊച്ചുത്രേസ്യയുടെ തിരുനാൾ, ജൂനിയർ സി.എൽ.സി., പതാകദിനം, മാതൃനിയോഗ സമർപ്പണം**

| | |
|---|---|
| 6.00 am | : മാതൃനിയോഗസമർപ്പണം (നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 06.30 am | : പ്രയർ ഫ്രണ്ട് 2025 (നേതൃത്വം : അൾത്താരസംഘം) |
| 07.00 am | : അമ്മമൊഴി 2025 (നേതൃത്വം : തിരുബാലസഖ്യം) |
| 07.30 am | : അമ്മയ്ക്കരികെ 2025 (നേതൃത്വം : യൂത്ത് സി.എൽ.സി.) |
| 08.00 am | : അമ്മനിലാവ് 2025 (നേതൃത്വം : ജീസസ് യൂത്ത്) |
| 05.30 pm | : ജൂനിയർ സി.എൽ.സി., പതാകവന്ദനം, വി. കൊച്ചുത്രേസ്യയുടെ തിരുനാൾ പുഷ്പാർച്ചന, ലദീഞ്ഞ് & നൊവേന, കൊച്ചുത്രേസ്യ ആദരം (നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 06.00 pm | : വി. കുർബാന |
| 06.40 pm | : ആരാധനയോടെ ഇടവകതല ജപമാല സമർപ്പണം, ദിവ്യകാരുണ്യ പ്രദക്ഷിണം & പരി. കുർബാനയുടെ വാഴ്വ്. |

(**NB** : ഒക്ടോബർ 1 മുതൽ 10 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ ഇടവകതല ജപമാല സമർപ്പണം നടക്കുന്നതിനാൽ ഞായർ ഒഴികെ മറ്റ് ദിവസങ്ങളിൽ രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല. ആ ദിവസങ്ങളിൽ വൈകീട്ട് 6ന് വി. കുർബാനയും തുടർന്ന് ഇടവകതല ജപമാല സമർപ്പണവും ഉണ്ടായിരിക്കും.)

വി. കുർബാനക്കും ഇടവകതല ജപമാല സമർപ്പണത്തിനും താഴെ പറയും പ്രകാരം കുടുംബകൂട്ടായ്മകൾ നേതൃത്വം നൽകേണ്ടതാണ്.

| | |
|---|---|
| ഒക്ടോബർ 01 ബുധൻ | : സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഒക്ടോബർ 02 വ്യാഴം | : മേരിമാതാ കുടുംബകൂട്ടായ്മ സോൺ 1 |
| ഒക്ടോബർ 03 വെള്ളി | : മേരിമാതാ കുടുംബകൂട്ടായ്മ സോൺ 2 |
| ഒക്ടോബർ 04 ശനി | : സെന്റ് ആന്റണീ കുടുംബകൂട്ടായ്മ സോൺ 1 |
| ഒക്ടോബർ 05 ഞായർ | : സെന്റ് ആന്റണി കുടുംബകൂട്ടായ്മ സോൺ 2 |
| ഒക്ടോബർ 06 തിങ്കൾ | : സെന്റ് തോമസ് കുടുംബകൂട്ടായ്മ സോൺ 1 |
| ഒക്ടോബർ 07 ചൊവ്വ | : സെന്റ് തോമസ് കുടുംബകൂട്ടായ്മ സോൺ 2 |
| ഒക്ടോബർ 08 ബുധൻ | : സെൻ ജോർജ്ജ് കുടുംബകൂട്ടായ്മ സോൺ 1 |
| ഒക്ടോബർ 09 വ്യാഴം | : സെന്റ് ജോർജ്ജ് കുടുബകൂട്ടായ്മ സോൺ 2 |
| ഒക്ടോബർ 10 വെള്ളി | : സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |

(**NB** : മേൽ പ്രകാരം കുടുംബകൂട്ടായ്മകൾക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 4.30 മുതൽ 5.45 വരെയും, വൈകീട്ട് 7.30 മുതൽ 8.30 വരേയും ആണ്ടുകുമ്പസാര കണക്ക് എഴുതിക്കാൻ കുടുംബഡയറിയുമായി വികാരിയച്ചനെ സമീപിക്കേണ്ടതാണ്.

**ഒക്ടോബർ 5 ഞായർ : തിരുനാൾ കമ്മിറ്റി 2026, അർദ്ധവാർഷിക പരീക്ഷ & ജൂബിലി വർഷ ജൂബിലി കവാട പ്രവേശന തീർത്ഥാടനം**

| | |
|---|---|
| 06.00 am | : വി. കുർബാന |
| 08.00 am | : 2026 തിരുനാൾ കമ്മിറ്റി ജനറൽബോഡിയോഗം |
| 02.00 pm | : വിശ്വാസ പരിശീലന അർദ്ധവാർഷിക പരീക്ഷ - നഴ്സറി, ക്ലാസ്സ് 1, 3, 5, 7, 9 & 11 |
| 04.00 pm | : വിശ്വാസ പരിശീലന ക്ലാസ്സ് & ജൂബിലി വർഷ ജൂബിലി കവാട പ്രവേശന തീർത്ഥാടനം |
| 06.00 pm | : വി. കുർബാന, ഇടവകതല ജപമാല സമർപ്പണം |

**ഒക്ടോബർ 10 വെള്ളി : കുടുംബകൂട്ടായ്മ തല ജപമാല സമർപ്പണത്തിനുള്ള മാതാവിന്റെ തിരുസ്വരൂപം, ഗ്രിഗോറിയൻ ജപമാല കൈമാറൽ**

| | |
|---|---|
| 07.30 pm | : കുടുംബകൂട്ടായ്മതല ജപമാല സമർപ്പണത്തിനുള്ള മാതാവിന്റെ തിരുസ്വരൂപം, ഗ്രിഗോറിയൻ ജപമാല, മുത്തുകുട, മരിയോത്സവചെപ്പ് കുടുംബകൂട്ടായ്മ പ്രതിനിധികൾക്ക് കൈമാറുന്നു. |

**ഒക്ടോബർ 11 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

| | |
|---|---|
| 06.30 pm | : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന |

**ഒക്ടോബർ 12 ഞായർ : ആദ്യഫല ലേലം 2025, അർദ്ധവാർഷിക പരീക്ഷ & ജൂബിലി വർഷ ജൂബിലി കവാട പ്രവേശന തീർത്ഥാടനം**

| | |
|---|---|
| 06.00 am | : വി. കുർബാന |
| 07.15 am | : ആദ്യഫലലേലം 2025, സെന്റ് ജോസഫ് & മേരിമാത കുടുംബ കൂട്ടായ്മകൾ |
| 02.00 pm | : വിശ്വാസപരിശീലന അർദ്ധവാർഷിക പരീക്ഷ ക്ലാസ്സ് : 2, 4, 6, 8, 10, 12 & എ.സി.സി. |
| 04.00 pm | : വിശ്വാസപരിശീലന ക്ലാസ്സ് & ജൂബിലി വർഷ ജൂബിലി കവാട പ്രവേശന തീർത്ഥാടനം |
| 06.00 pm | : വി. കുർബാന |

**ഒക്ടോബർ 14 ചൊവ്വ : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

| | |
|---|---|
| 6.30 pm | : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന |

**ഒക്ടോബർ 17 വെള്ളി : ഏഴാം വെള്ളിയാചരണം**

| | |
|---|---|
| 6.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം |

**ഒക്ടോബർ 19 ഞായർ : ആദ്യഫല ലേലം 2025, മരിയൻ ഗാനാലാപാന മത്സരം 2025 കുട്ടികൂട്ടായ്മ ജപമാല സമർപ്പണം, യുവജന കൂട്ടായ്മ 2K25 രണ്ടാം ഘട്ടം**

| | |
|---|---|
| 06.00 am | : വി. കുർബാന |
| 07.15 am | : ആദ്യഫലലേലം 2025 - സെന്റ് ആന്റണി & സെന്റ് തോമസ് കുടുംബകൂട്ടായ്മകൾ |
| 07.30 am | : വിശ്വാസ പരിശീലന ക്ലാസ്സ് |
| 09.00 am | : വി. കുർബാന |
| 10.45 am | : ആരാധനയോടെ കുട്ടികൂട്ടായ്മ ജപമാല സമർപ്പണം - ഗ്രൂപ്പ് 01 - ദൈവാലയത്തിൽ, ഗ്രൂപ്പ് 02 : മീറ്റിംഗ് ഹാളിൽ ഗ്രൂപ്പ് 03 : പാരിഷ് ഹാളിൽ |
| 02.00 pm | : മരിയൻ ഗാനാലാപന മത്സരം 2025 (നേതൃത്വം : ഗായകസംഘം) |
| 05.00 pm | : യുവജനകൂട്ടായ്മ 2K25 രണ്ടാം ഘട്ടം - യൂത്ത് സണ്ടേ ഈവനിംഗ്. (നേതൃത്വം : യുവജനകൂട്ടായ്മ Blaze) |

**ഒക്ടോബർ 24 വെള്ളി : എട്ടാം വെള്ളിയാചരണം**

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 06.30 am | : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ചവിതരണം. |

**ഒക്ടോബർ 26 ഞായർ : ആദ്യഫലലേലം 2025 ബൈബിൾ ക്വിസ്, ഏയ്ഞ്ചൽസ് ഡേ & ജപമാല റാലി 2025**

| | |
|---|---|
| 06.00 am | : വി. കുർബാന |
| 07.15 am | : ആദ്യഫലലേലം 2025, സെന്റ് ജോർജ്ജ് & സെന്റ് സേവ്യർ കുടുംബകൂട്ടായ്മകൾ |
| 07.30 am | : വിശ്വാസ പരിശീലന ക്ലാസ്സ് |
| 09.00 am | : വി. കുർബാന |
| 10.30 am | : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം |
| 04.30 pm | : ജപമാല റാലി 2025 (നേതൃത്വം : വിശ്വാസപരിശീലന യൂണിറ്റ്, റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി & കെ.എൽ.എം.) |

**ഒക്ടോബർ 28, 29, 30 (ചൊവ്വ, ബുധൻ, വ്യാഴം) : മരിയൻ ധ്യാനം 2025**

| | |
|---|---|
| 10.00 am | : ആരാധനയോടെ ജപമാല |
| 10.45 am | : മരിയൻ വചന വിചിന്തനം |
| 11.45 am | : മരിയൻ ഗീതം |
| 12.00 noon | : മരിയൻ വചന വിചിന്തനം |
| 01.00 pm | : ലഘുഭക്ഷണം |
| 01.15 pm | : വി. കുരിശിന്റെ വഴി |
| 02.00 pm | : മരിയൻ വചന വിചിന്തനം |
| 03.00 pm | : ധ്യാന സമാപനം |

**ഒക്ടോബർ 31 വെള്ളി : ഒൻപതാം വെള്ളിയാചരണം & ജപമാല മാസ സമാപനം & റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ ദിനം & ജപമാല രാജ്ഞി തിരുനാൾ**

| | |
|---|---|
| 05.15 am | : വി. കുർബാന & റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ പതാകവന്ദനം |
| 06.00 am | : ആരാധനയോടെ 12 മണിക്കൂർ അഖണ്ഡജപമാല |
| 12.00 noon | : റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ വാർഷികയോഗം, കുടുംബസംഗമം, ആദരണീയം, മരിയൻ ദത്ത് കുടുംബം, 2025 - 2026 & സ്നേഹവിരുന്ന്. |
| 05.00 pm | : സെന്റ് മേരീസ് കപ്പേളയിൽ 6 കുടുംബകൂട്ടായ്മകളും ഒത്തുചേർന്ന് ജപമാല, മാതാവിന്റെ തിരുസ്വരൂപവും മുത്തുകുടയും ഗ്രിഗോറിയൻ ജപമാലയും വഹിച്ച് ലുത്തിനിയ പാടി ദൈവാലയത്തിലേക്ക് പ്രദക്ഷിണം |
| 05.45 pm | : മാതാവിന്റെ തിരുസ്വരൂപവും ഗ്രിഗോറിയൻ ജപമാലയും സ്വീകരിച്ച് അൾത്താരയിൽ സമർപ്പിക്കുന്നു. |
| 06.00 pm | : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന & ദിവ്യകാരുണ്യ പ്രദക്ഷിണം. (നേതൃത്വം : ആത്മായ പ്രേഷിത സമിതി) |
| 06.30 pm | : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, തിരുനാൾ കുർബാന, സന്ദേശം, സ്നേഹോപഹാരസമർപ്പണം, തിരുആട സമർപ്പണം & നേർച്ചഊട്ട്, നേർച്ചപായസ വിതരണം & വർണമഴ (നേതൃത്വം : ആത്മായ പ്രേഷിതക സമിതി & റോസ മിസ്റ്റിക അൾത്താര ഡെക്കറേഷൻ സമിതി) |

**ഒക്ടോബർ 31 വെള്ളി - 12 മണിക്കൂർ അഖണ്ഡജപമാലക്ക് നേതൃത്വം നൽകേണ്ട സംഘടനകൾ**

| | |
|---|---|
| 06.00 am | കെ.സി.വൈ.എം. |
| 07.00 am | ജൂനിയർ സി.എൽ.സി. |
| 08.00 am | തിരുബാലസഖ്യം |
| 09.00 am | ഗായകസംഘം |
| 10.00 am | കെ.എൽ.എം. |
| 11.00 am | റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ |
| 12.00 Noon | പ്രാർത്ഥനാഗ്രൂപ്പ് |
| 01.00 pm | ജീസസ്സ് യൂത്ത് |
| 02.00 pm | മാതൃവേദി |
| 03.00 pm | കത്തോലിക്ക കോൺഗ്രസ്സ് |
| 04.00 pm | അൾത്താരസംഘം |
| 05.00 pm | യൂത്ത് സി.എൽ.സി. |


25TH
ANNIVERSARY
01-10-2025
Sabu K. Jose
Jainy Sabu
Kizhakkoot House, Kottayil Road, Kunnamkulam
Best Compliments From : Aleena Sabu


Baiju Thomas &
Shibitha Baiju
Kallukkaran House
Kizhoor P.O., Kunnamkulam
With best compliments :
ABIJITH, ABISHEK
21st
Wedding
Anniversary
24-10-2025


36TH
HAPPY
Anniversary
22-10-2025
P.M. Raju &
Susy Raju
Pallippurath House
Chiralayam - Kunnamkulam
Best Compliments From
Lilly Mathai, Naveen Raju, Gilda & Haziel Mon

**നവംബർ 1 ശനി : സകല വിശുദ്ധരുടേയും തിരുനാൾ & സകല മരിച്ചവരുടേയും ഓർമ്മ തിരുനാൾ**

| | |
|---|---|
| 06.00 am | : ആരാധന, സകല വിശുദ്ധരുടേയും ലുത്തിനിയ, പുഷ്പാർച്ചന & വിശുദ്ധർക്ക് ഹാര സമർപ്പണം (നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 06.30 am | : സകല വിശുദ്ധരുടേയും തിരുനാൾ കുർബാന, നേർച്ചവിതരണം (നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 5.30 pm | : സ്നേഹസ്മരണയ്ക്ക് & റീത്ത് സമർപ്പണം (നേതൃത്വം : കെ.സി.വൈ.എം.) |
| 06.00 pm | : മഞ്ച - പുഷ്പ സമർപ്പണം & വെഞ്ചിരിപ്പ് (നേതൃത്വം : യൂത്ത് സി.എൽ.സി.) |
| 06.30 pm | : സകല മരിച്ചവരുടേയും ഓർമ്മ തിരുനാൾ കുർബാന, വലിയ ഒപ്പീസ്, ഒന്നാംഘട്ടം : പ്രധാന അൾത്താരയിൽ, രണ്ടാംഘട്ടം : ദൈവാലയത്തിലെ മഞ്ച - പുഷ്പ സമർപ്പണ ഇടത്തിൽ; മൂന്നാം ഘട്ടം : സിമിത്തേരിയിൽ |

**നവംബർ 2 ഞായർ : ദീപാഞ്ജലി 2025, ബലിസമർപ്പണം, കുടുംബകൂട്ടായ്മകളുടെ ഫുഡ്ഫെസ്റ്റ്, മിഷൻ കാർണ്ണിവെൽ, വർണ്ണകാഴ്ച**

| | |
|---|---|
| 06.00 am | : ദീപാഞ്ജലി 2025 (നേതൃത്വം : അൾത്താരസംഘം) |
| 06.15 am | : വി. കുർബാന |
| 8.00 am | : ബലിസമർപ്പണം 2025 (നേതൃത്വം : മാതൃവേദി) |
| 04.00 pm | : വിശ്വാസപരിശീലന ക്ലാസ്സ് |
| 05.30 pm | : വി. കുർബാന |
| 07.00 pm | : വർണ്ണക്കാഴ്ച, മിഷൻ കാർണിവെൽ & കുടുംബകൂട്ടായ്മകളുടെ ഫുഡ് ഫെസ്റ്റ് (നേതൃത്വം : വിശ്വാസപരിശീലന കൂട്ടായ്മ, തിരുബാലസഖ്യം, അൾത്താരസംഘം & ജൂനിയർ സി.എൽ.സി & കുടുംബകൂട്ടായ്മ കേന്ദ്രസമിതി) |

**ഒക്ടോബർ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ഒക്ടോബർ 05 ഞായർ | മേരി മാതാ കുടുംബകൂട്ടായ്മ |
| ഒക്ടോബർ 12 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ഒക്ടോബർ 19 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ഒക്ടോബർ 26 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |

## വഴിവിളക്ക്

# പത്ത് കല്പനകൾ

**ഏഴാം കല്പന**

"നീ മോഷ്ടിക്കരുത്" (പുറ 20:15)

ഭൗതിക വസ്തുക്കളുടേയും മനുഷ്യപ്രയത്നത്തിന്റെ ഫലങ്ങളുടേയും വിനിയോഗത്തിൽ നീതിയും സ്നേഹവും പ്രാവർത്തികമാക്കണമെന്ന് ഏഴാം കല്പന നിർദ്ദേശിക്കുന്നു.

ഏഴാം കല്പന മോഷണത്തെ നിരോധിക്കുന്നു. മറ്റൊരാളുടെ വസ്തുക്കളെ ഉടമസ്ഥന്റെ യുക്തിസഹമായ ഹിതത്തിനെതിരെ പിടിച്ചെടുക്കുന്നതാണ് മോഷണം (സി.സി.സി. 2453)

മോഷ്ടിക്കപ്പെട്ട വസ്തുക്കൾ തിരിച്ചുകൊടുക്കണമെന്ന് നീതി ആവശ്യപ്പെടുന്നു.


**ചിന്താവിഷയം**

1. മോഷണം എന്ന പാപം ഏതെങ്കിലും തരത്തിൽ നമ്മുടെ ജീവിതത്തിൽ സ്വാധീനിക്കപ്പെടുന്നുണ്ടോ?
2. ഏഴാം കല്പന അനുസരിക്കുവാൻ ഉണ്ടാകേണ്ട സാഹചര്യങ്ങൾ?

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം

## ഇടവക കുടുംബത്തിന്റെ നന്ദി



പേൾജു ബേബി ചുങ്കത്ത്



കെ.ജി. ബാബു



സി.എൻ. ഇമ്മാനുവേൽ

2024 - 25 പ്രവർത്തന കാലഘട്ടത്തിൽ ഇടവകയുടെ കൈക്കാരന്മാരായി ശുശ്രൂഷ ചെയ്ത
**ചുങ്കത്ത് ബേബി പേൾജു, കുറ്റിക്കാട്ട് ജോർജ്ജ് ബാബു, ചുളുവിൽ എൻ. ഇമ്മാനുവേൽ**
എന്നിവർക്കും, ഇന്റേണൽ ഓഡിറ്റർമാരായിരുന്ന
**എം.എൽ. തോമാച്ചനും, ലിയോൺ ജോർജ്ജിനും**
**ഇടവക കുടുംബത്തിന്റെ നന്ദി**






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. ഓണപ്പരീക്ഷയുടെ മാർക്കുകൾ എല്ലാം അറിഞ്ഞില്ലേ? എല്ലാവരും നല്ല മാർക്ക് നേടിയിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു.

വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട കലാ-കായിക മത്സരങ്ങൾക്ക് ഒരുങ്ങി തുടങ്ങേണ്ട സമയമായിട്ടുണ്ട്. പലതരം മത്സരങ്ങളിൽ ഏറ്റവും നന്നായി പങ്കെടുത്ത് നല്ല വിജയം നേടിയ എല്ലാ മക്കൾക്കും അഭിനന്ദനങ്ങൾ. ഇനി നമുക്ക് പരീക്ഷാക്കാലമാണ്. ഒക്ടോബർ ആദ്യത്തെ രണ്ടു ഞായറാഴ്ചയായി എല്ലാ ക്ലാസ്സുകളിലും പരീക്ഷ കഴിയും. അപ്പോൾ എല്ലാവരും അതിനുവേണ്ട തയ്യാറെടുപ്പുകൾ തുടങ്ങിയിട്ടുണ്ടാവുമെന്ന് അറിയാം.

ഞാനെപ്പോഴും ഓർമ്മിപ്പിക്കുന്നതുപോലെ പാഠഭാഗങ്ങളോടൊപ്പം പ്രാർത്ഥനകൾ കൂടി പഠിക്കുക. പരീക്ഷയിൽ ഉയർന്ന വിജയം നേടുകയെന്നതും നമ്മുടെ ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് മറക്കരുത്.

മറ്റൊരു കാര്യം പറയാനുള്ളത് ഈ മാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ്. മരിയഭക്തിക്കായി പ്രത്യേകം മാറ്റിവെയ്ക്കപ്പെട്ട മാസമാണ് ഒക്ടോബർ എന്ന് അറിയാമല്ലോ. ജപമാല നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാകണം. വികാരിയച്ചന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ജപമാല മാസാചരണത്തിൽ പങ്കെടുത്ത് അനുഗ്രഹം നേടാൻ ശ്രമിക്കുമല്ലോ.

സ്നേഹത്തോടെ
ലില്ലി ടീച്ചർ

## വിശ്വാസ പരിശീലന അർദ്ധവാർഷിക പരീക്ഷ - സമയക്രമം

| | | |
|---|---|---|
| 2025 ഒക്ടോബർ 5 | 2 pm - 4 pm | I,III, V, VII, IX, XI |
| 2025 ഒക്ടോബർ 12 | 2 pm - 4 pm | II, IV, VI, VIII, X, XII, ACC |



# സഭാ വാർത്തകൾ

**ഒക്ടോബറിൽ എല്ലാ ദിവസവും സമാധാനത്തിനായി വ്യക്തിപരമായും കുടുംബത്തിലും സമൂഹത്തിലും ജപമാല ചൊല്ലി പ്രാർത്ഥിക്കണം: ലിയോ 14 ാമൻ പാപ്പ**

വത്തിക്കാൻ സിറ്റി: ഒക്ടോബർ മാസത്തിലെ എല്ലാ ദിവസവും സമാധാനത്തിനായി വ്യക്തിപരമായും കുടുംബത്തിലും സമൂഹത്തിലും ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ വിശ്വാസികളെ ക്ഷണിച്ച് ലിയോ 14-ാമൻ പാപ്പ. ബുധനാഴ്ചയിലെ പൊതുസമ്മേളനത്തിലാണ് ലിയോ 14-ാമൻ പാപ്പ ഇക്കാര്യം അഭ്യർത്ഥിച്ചത്. ഒക്ടോബർ 11-12 തിയതികളിൽ ആഘോഷിക്കുന്ന മരിയൻ ആത്മീയതയുടെ ജൂബിലിയാഘോഷത്തിന്റെ ഭാഗമായി 11 ന് വൈകുന്നേരം 6:00 മണിക്ക് റോമിലെ വിശ്വാസികൾ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഒത്തുകൂടി ജപമാലയർപ്പിക്കുമെന്നും പാപ്പ വ്യക്തമാക്കി. ഒക്ടോബർ മാസത്തിലെ എല്ലാ ദിവസവും വൈകുന്നേരം 7:00 മണിക്ക് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ജപമാല ചൊല്ലാൻ വത്തിക്കാൻ ജീവനക്കാരെയും പാപ്പ ക്ഷണിച്ചു. മനുഷ്യത്വത്തെ പ്രകാശിപ്പിക്കുകയും ഉയർത്തുകയും ചെയ്യുന്ന യേശുവിന്റെ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ പാപ്പ ക്രൈസ്തവരെ ക്ഷണിച്ചു. മരിയൻ ആത്മീയതയുടെ ജൂബിലിയോടും ജപമാല പ്രാർത്ഥനയോടുമനുബന്ധിച്ച് ഫാത്തിമ നാഥയുടെ യഥാർത്ഥ ചിത്രം സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ പ്രതിഷ്ഠിക്കും.

**നിർബന്ധിത മതപരിവർത്തനനിരോധനനിയമം; പ്രതിഷേധവുമായി ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ**

മംഗലാപുരം: ഇന്ത്യയിലെ വിവിധ സംസ്ഥാനഗവൺമെന്റുകൾ പാസാക്കിയ നിർബന്ധിത മതപരിവർത്തനനിരോധനനിയമങ്ങളെ മംഗലാപുരത്ത് നടന്ന ഓൾ ഇന്ത്യ കാത്തലിക് യൂണിയന്റെ (എഐസിയു) വാർഷിക ജനറൽ ബോഡി അപലപിച്ചു. എഐസിയു ദേശീയ പ്രസിഡന്റ് എർ. ഏലിയാസ് വാസ് അധ്യക്ഷത വഹിച്ച സമ്മേളനം കർണാടക എംഎൽസി ഇവാൻ ഡിസൂസ യോഗം ഉദ്ഘാടനം ചെയ്തു. മതന്യൂനപക്ഷങ്ങൾക്കെതിരായ വർധിച്ചുവരുന്ന ആക്രമണങ്ങൾ, ദളിതർ, ഒബിസി, ആദിവാസികൾ തുടങ്ങി സമൂഹത്തിൽ ഏറ്റവും അവഗണിക്കപ്പെടുന്നവരെ ബാധിക്കുന്ന മറ്റു പ്രശ്നങ്ങളും യോഗത്തിൽ ചർച്ചയായി.




Vismi with Sajith

D/o. Mr. Vinayan V.J.
Mrs. Laly Vinayan
Valiyaveettil (H), Sankarapuram, Kunnamkulam

S/o. Mr.Rameshkumar
Ms Latha Rameshkumar
Kuttiparambil (H), Ponnukara ,Thrissur

# HOLY CROSS
## CBSE SCHOOL, ARTHAT

# ADMISSIONS
## OPEN FOR 2026-27
## PRE KG to Std 8

**Fee concession package for those who take admission to LKG before 30th September 2025**

### OUR FACILITIES

The best school choice for your child

- Quality Education
- Digital Classrooms
- Spacious Playground
- Co-Curricular Activities
- Audio Visual Classrooms
- Well Equipped Labs
- Well furnished Classrooms




# HOLY CROSS
## CBSE SCHOOL, ARTHAT

MORE INFO

holycrosscbsearthat@gmail.com
https://youtube.com/@holycrossschoolarthatkunna6914
https://www.facebook.com/holycrosscbse.schoolarthat

CONTACT US
8606411622
8129442417

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക ചെറിയ തിരുനാൾ

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ ചെറിയ തിരുനാളായി, ചിറളയം സെന്റ് മേരീസ് കപ്പേളയിൽ, പരി. മാതാവിന്റെ ജനന തിരുനാൾ ആഘോഷിച്ചു. സെപ്തംബർ 1 തിങ്കളാഴ്ച രാവിലെ വരടിയം ജീവാലയ സോഷ്യൽ സെന്റർ ഡയറക്ടർ റവ. ഫാ. ബിനേഷ് മാങ്കൂട്ടത്തിൽ തിരുനാൾ കൊടികയറ്റി.

സെപ്തംബർ 2 ചൊവ്വ മുതൽ സെപ്തംബർ 7 ഞായർ വരെ രാവിലെ ഇടവക ദൈവാലയത്തിൽ തിരുനാളിന് ഒരുക്കമായി വിശുദ്ധ കുർബാനയും നേർച്ച വിതരണവും, വൈകിട്ട് 6.30 ന് സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞും നൊവേനയും നേർച്ച വിതരണവും ഉണ്ടായിരുന്നു.

തിരുനാൾ ദിനമായ സെപ്തംബർ 8 തിങ്കളാഴ്ച്ച രാവിലെ 6.30 ന് ഇടവക ദൈവാലയത്തിൽ ആഘോഷമായ തിരുനാൾ കുർബാനയും, തുടർന്ന് കപ്പേളയിലേക്ക് ബൈക്ക് റാലിയുടെ അകമ്പടിയോടെ പരി. മാതാവിന്റെ ഛായാചിത്രം എഴുന്നള്ളിപ്പും ഉണ്ടായി .

തിരുനാൾ കുർബാനക്ക് വത്തിക്കാൻ ഡിക്കാസ്ട്രി സെക്രട്ടറി വെരി. റവ. ഫാ. ഡെയ്ജോ പൊറത്തൂർ, ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം, ഡീക്കൻ ആൻസൺ പന്നകത്തിൽ CST എന്നിവർ നേതൃത്വം നൽകി .

വൈകിട്ട് 6.30 ന് സെന്റ് മേരീസ് കപ്പേളയിൽ ആരാധനയോടെ തിരുനാൾ വേസ്പരയും, കുഞ്ഞുമേരിമാരുടെ പ്രസിദേന്തി വാഴ്ചയും, ആഘോഷമായ ഛായാചിത്ര പ്രയാണവും, വർണ്ണ മഴയും, നേർച്ച വിതരണവും ഉണ്ടായിരുന്നു.

തിരുനാളിനോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആതുരാലയം സന്ദർശിച്ച് അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു .

ചെറിയ തിരുനാൾ ആഘോഷങ്ങൾക്ക്, ചെയർമാൻ റവ ഫാദർ ഡെയ്സൻ മുണ്ടോപുറം, ഡീക്കൻ ആൻസൺ പന്നകത്തിൽ CST, വൈസ് ചെയർമാൻമാരായ ചിറളയം HCC സുപ്പീരിയർ സിസ്റ്റർ ബെൻസി, കൈക്കാരൻമാരായ കെ.ജി.ബാബു, പേൾജു ബി ചുങ്കത്ത്, സി.എൻ ഇമ്മാനുവേൽ, ജനറൽ കൺവീനർ വി.ജെ. സുനിൽ, ജോയന്റ് ജനറൽ കൺവീനർ അനി ലിയോൺ, സബ് കമ്മറ്റി കൺവീനർമാരായ എം.എൽ.മാണി, എൻ.ജെ. ജെയ്മോൻ, വർഗ്ഗീസ് ആന്റണി, സി.ഒ. ആന്റണി, എം.എൽ. തോമാച്ചൻ എന്നിവരടങ്ങുന്ന വിപുലമായ കമ്മറ്റി നേതൃത്വം നൽകി.

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്


## 2025-2028 ഇടവക പ്രതിനിധിയോഗ അംഗങ്ങൾ

വികാരി




ഫാ. ഡെയ്സൺ മുണ്ടോപ്പുറം
✆ 96566 54567

കൈക്കാരൻ




കെ.എൽ. ലോയ്ഡ്
✆ 89212 45453

കൈക്കാരൻ




വർഗ്ഗീസ് ആന്റണി
✆ 75599 69881

കൈക്കാരൻ



ജോഫി ജോസഫ്
✆ 98471 22268



സിസ്റ്റർ ബെൻസി സി.എം.സി.
✆ 91758 19987



ലിയോൺ ജോർജ്ജ്
✆ 96056 14973



ജിനി ജെയ്മോൻ
✆ 93497 48775



ഷാജി വർഗ്ഗീസ്
✆ 92493 10009




രാജു ബി. ചുങ്കത്ത്
✆ 9847 431110



ആനന്ദി സുനിൽ
✆ 94958 55053



പി.ജെ. ടോണി
✆ 95624 62383




സി.എം. സാംസൺ
✆ 94467 64210



ലില്ലി ആന്റണി
✆ 94001 62851



പി.ആർ. സജി
✆ 96565 69615



പേൾജു ബേബി ചുങ്കത്ത്
✆ 98470 31110




റീന ജെയ്സൺ
✆ 99478 88432



കെ.ജെ. ജെയ്സൺ
✆ 9947659286



ഹെന്ന റോബി
✆ 70124 14268



എം.എൽ. മാണി
✆ 94463 91580



ബീന സജി
✆ 96338 03220



എം.എൽ. സുനിൽ
✆ 98464 34411



പി.എ. ലില്ലി
✆ 98477 10315



സി.ഒ. ആന്റണി
✆ 92498 88232



ജോപോൾ വി. ആലപ്പാട്ട്
✆ 94467 23804




ജാൻസി ആന്റോ
✆ 85901 79169



അഫ്രിൻ ബെന്നി
✆ 98470 09621




സി.എൻ. ഇമ്മാനുവേൽ
✆ 95390 39439



വി.ജെ. സുനിൽ
✆ 94476 15901



വി.സി. ജോസി
✆ 98470 17297




എബിൻ ബാബു
✆ 91888 06885



ഫോയ്സ് ജേബി
✆ 99611 18927




കെ.ജി. ബാബു
✆ 99619 99487



എൻ.ജെ. ജെയ്മോൻ
✆ 93498 52495



സി.എ. സാന്റി
✆ 94973 29496



തോംസൺ തച്ചിൽ
✆ 94460 49420



സിജോ ജോസഫ്
✆ 79074 38671



ശില്പ ഇ.ആർ
✆ 98954 05013



സിയ ഷാജു
✆ 88918 56461

# പ്രതിനിധിയോഗ വാർത്തകൾ

☛ 2025-28 വർഷത്തെ പ്രഥമ പ്രതിനിധിയോഗത്തിൽ ഇടവക വികാരി ഡെയ്സൻ മുണ്ടോപ്പുറം സ്വാഗതം ആശംസിച്ചു.

☛ 2025-28 വർഷത്തെ ഭാരവാഹികളായി പ്രതിനിധിയോഗം സെക്രട്ടറി : തോംസൺ തച്ചിൽ, എക്കൗണ്ടന്റ് സി.എ. ഓഡിറ്റിംഗ് : സിജോ ജോസഫ്, പള്ളി ക്ലർക്ക് : എം.എൽ. സുനിൽ, അനുരഞ്ജന സമിതി കൺവീനർ : പേൾജു ബി. ചുങ്കത്ത്, ജോ. കൺവീനർ : എൻ.ജെ. ജെയ്മോൻ, ഇന്റൻസീവ് ഫെയ്ത്ത് ആർമ്മി, കൺവീനർ : പേൾജു ബി. ചുങ്കത്ത്, ജോ. കൺവീനർ : സിയ ഷാജു, ആത്മായ പ്രേഷിത സമിതി കൺവീനർ : ലിയോൺ ജോർജ്ജ്, ജോ. കൺവീനർ : ലില്ലി ആന്റണി, ഇടവക പാക്റ്റ് സമിതി കൺവീനർ : എം.എൽ. മാണി, ജോ. കൺവീനർ : ഹെന്ന റോബി, ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് എഡിറ്റർ : വി.സി. ജോസി, സെക്രട്ടറി : എം. എൽ. സുനിൽ, ഇടവക മീഡിയ സെൽ പി.ആർ.ഒ. : വി.സി. ജോസി, അസി. പി.ആർ.ഒ. : എബിൻ ബാബു, കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനർ : രാജു ബി. ചുങ്കത്ത്, ജോ. കൺവീനർ : പോയ്സ് ജേബി എന്നിവരേയും, 2025-26 വർഷത്തെ ഇന്റേണൽ ഓഡിറ്റർമാരായി : സി.ഒ. ആന്റണി, ജോപോൾ ആലപ്പാട്ട് എന്നിവരേയും തെരഞ്ഞെടുത്തു.

☛ 2026 ഇടവക തിരുനാൾ സബ് കമ്മിറ്റി കൺവീനർമാരായി ഫിനാൻസ് : എം.എൽ സുനിൽ, പബ്ലിസിറ്റി : കെ.ജി. ബാബു, ലിറ്റർജി : ശില്പ ഇ.ആർ, പ്രസഷൻ : എബിൻ ബാബു, ഇലുമിനേഷൻ : വി.ജെ. സുനിൽ, കാരുണ്യം കലാസന്ധ്യ : സി.എ. സാന്റി, ഡെക്കറേഷൻ : ജാൻസി ആന്റോ, ഫുഡ് : സി.എൻ. ഇമ്മാനുവേൽ, വർണ്ണമഴ : പി.ആർ. സജി, വളണ്ടിയർ : എൻ.ജെ. ജെയ്മോൻ, എന്നിവരെ തെരഞ്ഞെടുത്തു

☛ ഈ വർഷം മുതൽ ഭക്തസംഘടന സംയുക്ത വാർഷികവും വിശ്വാസ പരിശീലന ദിനവും സംയുക്തമായി ഡിസംബർ ആദ്യ ഞായറാഴ്ചകളിൽ നടത്തുന്നതിന് തീരുമാനിച്ചു.

☛ ജപമാല മാസം മരിയോത്സവത്തോടെ ആചരിക്കുന്നതിന് തീരുമാനിച്ചു.

☛ നവംബർ 1 ശനിയാഴ്ച വൈകീട്ട് 6.30ന് മരിച്ചവരുടെ പാട്ടുകുർബാനയും, വലിയ ഒപ്പീസും നടത്തുന്നതാണെന്ന് വികാരിയച്ചൻ അറിയിച്ചു.

☛ നവംബർ 2 ന് ഫുഡ് ഫെസ്റ്റ് നടത്തുന്നതിന് തീരുമാനിച്ചു.

☛ നടത്തു കൈക്കാരൻ കെ.എൽ. ലോയ്ഡ് നന്ദി പറഞ്ഞു.

## സകല വിശുദ്ധരുടേയും തിരുനാൾ
## സകല മരിച്ചവരുടേയും ഓർമ്മ തിരുനാൾ
## നവംബർ 1 ശനി

**06.00 am ആരാധന, സകല വിശുദ്ധരുടേയും ലുത്തിനിയ, പുഷ്പാർച്ചന & വിശുദ്ധർക്ക് ഹാര സമർപ്പണം**
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

**06.30 am:സകല വിശുദ്ധരുടേയും തിരുനാൾ കുർബാന, നേർച്ചവിതരണം**
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

**5.30 pm:സ്നേഹസ്മരണയ്ക്ക് & റീത്ത് സമർപ്പണം**
(നേതൃത്വം : കെ.സി.വൈ.എം.)

**06.00 pm:മഞ്ച – പുഷ്പ സമർപ്പണം & വെഞ്ചിരിപ്പ്**
(നേതൃത്വം : യൂത്ത് സി.എൽ.സി.)

**06.30 pm:സകല മരിച്ചവരുടേയും ഓർമ്മ തിരുനാൾ കുർബാന, വലിയ ഒപ്പീസ്,**
**ഒന്നാംഘട്ടം : പ്രധാന അൾത്താരയിൽ,**
**രണ്ടാംഘട്ടം : ദൈവാലയത്തിലെ മഞ്ച – പുഷ്പ സമർപ്പണ ഇടത്തിൽ;**
**മൂന്നാംഘട്ടം : സിമിത്തേരിയിൽ**


## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 21-10-2025 | 6.30 pm | സെന്റ് ജോസഫ് | **ഒലക്കേങ്കിൽ റോസി ജോസഫ്** (ജോഫി ജോസഫ്, നെഹ്റു നഗർ, 7th അവന്യൂ) |
| 22-10-2025 | 6.30 pm | മേരിമാതാ | **ചുങ്കത്ത് ബേബി രാജു** (പെൻകോ മാർബിൾസിനു സമീപം, തൃശൂർ റോഡ്) |
| 23-10-2025 | 6.30 pm | സെന്റ് ആന്റണീസ് | **വടക്കൂട്ട് ഞാറയിൽ ആഗ്നസ് ചാക്കുണ്ണി** (V.C. Josy, Sharon Valley, Near Fire Station) |
| 24-10-2025 | 6.30 pm | സെന്റ് തോമസ് | **കല്ലച്ചൻമുറി പൈലി സെബാസ്റ്റ്യൻ** (താഴത്തങ്ങാടി) |
| 25-10-2025 | 6.30 pm | സെന്റ് ജോർജ്ജ് | **പുലിക്കോട്ടിൽ കൊച്ചപ്പൻ റൊണാൾഡ്** (മലങ്കര ഹോസ്പിറ്റലിന് പിൻവശം, കാർഗിൽ നഗർ) |
| 27-10-2025 | 6.30 pm | സെന്റ് സേവ്യർ | **അന്തിക്കാട്ട് ആന്റണി സജി** (ശാന്തി നഗർ) |

# അനുമോദനങ്ങൾ

## പ്രതിനിധിയോഗത്തിൽനിന്ന് തെരഞ്ഞെടുത്ത ഭാരവാഹികൾ

**പ്രതിനിധിയോഗം സെക്രട്ടറി**



തോംസൺ തച്ചിൽ
✆ 94460 49420

**എക്കൗണ്ടന്റ്**

സി.എ. ഓഡിറ്റിംഗ്



സിജോ ജോസഫ്
✆ 79074 38671

പള്ളി ക്ലർക്ക്



എം.എൽ. സുനിൽ
✆ 98464 34411


**മീഡിയ സെൽ**

പി.ആർ.ഒ.



വി.സി. ജോസി
✆ 98470 17297


അസി. പി.ആർ.ഒ.



എബിൻ ബാബു
✆ 91888 06885

**ഇന്റൻസീവ് ഫെയ്ത്ത് ആർമി**

കൺവീനർ



പേൾജു ബേബി ചുങ്കത്ത്
✆ 98470 31110

ജോ. കൺവീനർ



സിയ ഷാജു
✆ 88918 56461

**കൺസ്ട്രക്ഷൻ കമ്മിറ്റി**

കൺവീനർ



രാജു ബി. ചുങ്കത്ത്
✆ 9847 431110


ജോ. കൺവീനർ



ഫോയ്സ് ജേബി
✆ 99611 18927

**ഇടവക പാക്റ്റ് സമിതി**

കൺവീനർ



എം.എൽ. മാണി
✆ 94463 91580

ജോ. കൺവീനർ



ഹെന്ന റോബി
✆ 70124 14268

### ടച്ച് - മീ എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ



വി.സി. ജോസി
✆ 98470 17297


സെക്രട്ടറി



എം.എൽ. സുനിൽ
✆ 98464 34411

### അനുരഞ്ജന സമിതി

കൺവീനർ



പേൾജു ബേബി ചുങ്കത്ത്
✆ 98470 31110

ജോ. കൺവീനർ



എൻ.ജെ. ജെയ്മോൻ
✆ 93498 52495

### ആത്മായ പ്രേഷിത സമിതി

കൺവീനർ



ലിയോൺ ജോർജ്ജ്
✆ 96056 14973

ജോ. കൺവീനർ



ലില്ലി ആന്റണി
✆ 94001 62851


### ഇന്റേണൽ ഓഡിറ്റിംഗ്

ഓഡിറ്റർ



സി.ഒ. ആന്റണി
✆ 92498 88232

ഓഡിറ്റർ




ജോപോൾ വി. ആലപ്പാട്ട്
✆ 94467 23804

## പ്രാർത്ഥനാശംസകൾ



കെ.എൽ. ലോയ്ഡ്



വർഗ്ഗീസ് ആന്റണി



ജോഫി ജോസഫ്

2025 – 2026 വർഷത്തെ കൈക്കാരന്മാരായി തെരഞ്ഞെടുത്ത

**കൂത്തൂർ ലൂവീസ് ലോയ്ഡ്**
**ആലപ്പാട്ട് ആന്റണി വർഗ്ഗീസ്**
**ഒലക്കേങ്കിൽ ജോസഫ് ജോഫി**

എന്നിവർക്ക് ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

## മിഴിവിളക്ക്

# കാവൽ മാലാഖ

### 11. ലവുവിയ : "ദൈവം സ്തുതിക്കപ്പെടുന്നവനും സർവ്വാധീശനും'
### (മെയ് 11-15 കാലയളവിൽ ജനിച്ചവർക്ക്)

തന്റെ ഗണത്തിൽപ്പെട്ട മനുഷ്യർക്ക് ആദരവും പ്രസിദ്ധിയും നേടിക്കൊടുക്കുന്നവനാണ് ഈ കാവൽദൂതൻ. പരസ്പരം ആകർഷിക്കാനുള്ള സവിശേഷമായ കഴിവും അവർക്കുണ്ടാകും. സമ്പന്നതയും മഹിമയും ലഭിക്കും. സാമ്പത്തികമായും സാമൂഹിക വുമായ ഉന്നത പദവി നേടിയെടുക്കാനാകും. ലവുവിയയുടെ മാധ്യസ്ഥം പ്രാർത്ഥിച്ചാൽ ലൗകികമായ നിരവധി നേട്ടങ്ങൾ സാധ്യ മാണ്.

പ്രാർത്ഥന : പ്രശസ്തിയുടേതായ ആനന്ദം പ്രദാനം ചെയ്യു കയും സുഖകരമായ സന്ദർഭങ്ങൾ ഒരുക്കിത്തരുന്നവനുമായ ലവു വിയാ, എന്റെ ജീവിതനവീകരണത്തിന് ഉതകുംവിധം എന്റെ ആന്ത രികമായ മോശം ചിന്താധാരകളെ പുറത്തേക്കൊഴുകണമേ. എന്റെ പഴയകാലത്തെ തിന്മകളെല്ലാം പുറംതള്ളപ്പെടുമാറാകട്ടെ. നിത്യ മായ സ്നേഹം എന്നിൽ നിറയട്ടെ. നന്മയായതുമാത്രം ഞാൻ ചെയ്യു മാറാകട്ടെ. എന്റെ അഹന്ത നശിക്കണം. അസൂയയും ദുരാശകളും കടന്നുപോകണം. ഇപയ്ക്കായി എന്നെ സഹായിക്കണേ.

ഉപദേശം : ദൈവിക പദ്ധതി നടപ്പാക്കാനും അവ ആസൂത്രണം ചെയ്യാനും എനിക്ക് നിന്നെ വേണം. സൗന്ദര്യമില്ലാത്തതിനൊന്നും സ്ഥൈര്യമില്ല, നിത്യമല്ല.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

## ആദരാഞ്ജലികൾ



തൃശൂർ അതിരൂപതയിലെ വൈദികൻ
**റവ. ഫാ. ആന്റണി കൊള്ളന്നൂർ അച്ചന്**
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റേയും, ടച്ച് – മീയുടെയും
ആദരാഞ്ജലികൾ...

# പാവന സ്മരണയ്ക്ക്

## 11-ാം ചരമവാർഷികം

18-10-2025



# ജോയ് ജോസഫ്

വടക്കേത്തല ഹൗസ്
ചിറളയം, കുന്നംകുളം

*ജനനം*
*07 – 06 – 1951*

*മരണം*
*18 – 10 – 2014*

**സ്നേഹസ്മരണകളോടെ : സന്തപ്ത കുടുംബാംഗങ്ങൾ**

# 1-ാം ചരമവാർഷികം

01.10.2025





## ആലുക്കൽ പത്രോസ്

# അഗസ്റ്റിൻ

ചിറളയം

ജനനം

01–06–1931

മരണം

01–10–2024

സന്തപ്ത കുടുംബാംഗങ്ങൾ

# ജപമാല ആഭരണമല്ല, ആയുധമാണ്



സിസ്റ്റർ ബെൻസി CMC

ക്രൈസ്തവർ എന്നും മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ഒരു ഭക്തിയാണ് ജപമാല ഭക്തി. 13-ാം നൂറ്റാണ്ടുമുതൽ ക്രിസ്തീയ കുടുംബങ്ങളിൽ നിലനിന്നിരുന്ന കുടുംബപ്രാർത്ഥനയാണ് ജപമാല. ഓരോ ഒക്ടോബർ മാസത്തിന്റെ പ്രഭാതവും, ജപമാലമണികളുടെ മൃദുചലനത്താൽ നിറഞ്ഞതാണ്. ജപമാല ചൊല്ലാൻ മറക്കരുത് എന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യൻ ഓരോ "നന്മനിറഞ്ഞ മറിയമേ" എന്ന ജപം ചൊല്ലുമ്പോൾ മനോഹരമായ ഒരു റോസാപൂവ് തനിക്ക് നല്കുകയാണെന്നും പൂർണ്ണജപമാല ചൊല്ലുമ്പോൾ റോസാപൂക്കളുടെ ഒരു കിരീടം തനിക്കുവേണ്ടി ചമയ്ക്കുകയാണെന്നും പരി. അമ്മ വെളിപ്പെടുത്തിയിട്ടുണ്ട്. പൂക്കളുടെ രാജ്ഞിയാണ് റോസാപ്പൂ. അതുകൊണ്ട് ജപമാല എല്ലാ ഭക്തികളുടേയും രാജ്ഞിയാണ്. ജപമാലയുടെ ഭക്തി പ്രകടമാകണമെങ്കിൽ അത് സമൂഹമായി ചൊല്ലണം. അപ്പോൾ മനസ്സ് കൂടുതൽ ജാഗരൂകരായിരിക്കും. അതിനാൽ നമുക്ക് പരി. അമ്മയെ കൂട്ടുപിടിക്കാം. തിരുസഭ ഒക്ടോബർ മാസം ജപമാലയെ അനുസ്മരിച്ച് ആഘോഷമാക്കി മാറ്റുന്ന ഈ കാലഘട്ടത്തിൽ ജപമാല ഭക്തിക്ക് കൂടുതൽ ശോഭ പകരുന്നതിൽ നമുക്ക് അഭിമാനിക്കാം.

ഭയാനക ശിക്ഷകൾക്കുള്ള പ്രതിവിധി ജപമാല ഭക്തി മാത്രമാണ്. ജപമാല ആഭരണമല്ല, ആയുധമാണ് എന്ന സത്യം മനസ്സിലാക്കി ജപമാല കുടുംബങ്ങളിലെ പതിവു പ്രാർത്ഥനയാക്കുവാൻ നമുക്ക് കഴിയണം. ജപമാല നമുക്കും മറ്റനേകർക്കും സ്വർഗ്ഗത്തിലേക്ക് കയറാനുള്ള ഒരു എളുപ്പവഴിയായി മാറട്ടെ. അമ്മ ഒരു അനുഭവമാണ്, സ്നേഹമാണ്. ഏത് തളർച്ചയിലും ഒട്ടനവധി പേർ കൈവശമാക്കിയ ആയുധവിദ്യയാണ് ജപമാല. തിന്മയ്ക്കും വിദ്വേഷത്തിനും സ്വാർത്ഥതയ്ക്കും എതിരെ ആത്മാവെടുക്കുന്ന വിശ്വസ്തമായ ഒരു ആയുധം. ശക്തിയുള്ള ആയുധം സ്വന്തമായിരിക്കെ അത് തുരുമ്പിക്കാനോ, ഭയപ്പെട്ട് ആത്മീയ യുദ്ധങ്ങളോട് പിന്മാറാനോ നമുക്ക് ഇടവരാതിരിക്കട്ടെ.

ഒരിക്കൽ രാജ്യം ശത്രുക്കളുടെ ആക്രമണത്തിനിരയാകുന്ന അവസ്ഥ വന്നു. ചക്രവർത്തി വിളംബരം ചെയ്തു. രാത്രി 9 മണിക്ക് പട്ടാളക്കാർ വന്ന് ഒരുമിച്ച് വെടിയുതിർക്കണമെന്ന ചക്രവർത്തിയുടെ ആജ്ഞ ശ്രവിച്ചപ്പോൾ അവിടുത്തെ മെത്രാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. ഈ വലിയ വിപത്തിൽ നിന്ന് രക്ഷനേടുന്നതിനായി എല്ലാവരും ഉപവാസമെടുത്ത് പള്ളിയിലിരുന്ന് ജപമാല

ചൊല്ലണം. വാക്ക് ഹൃദയത്തിൽ സ്വീകരിച്ച് ജാതിമതഭേദമന്യേ എല്ലാവരും പള്ളിയിൽ ഒത്തുകൂടി ജപമാല ചൊല്ലാൻ ആരംഭിച്ചു. സമയം സമാഗതമായി ഒരു കൂട്ടം പടയാളികൾ നിറതോക്കുമായി എത്തി. എന്നാൽ അവർക്ക് കാഞ്ചി വലിക്കാൻ സാധിക്കാതെ തിരിച്ചുപോയി. ചക്രവർത്തി ക്രുദ്ധനായി കാര്യം ആരാഞ്ഞപ്പോൾ കമന്ററുടെ മറുപടി ഇപ്രകാരമായിരുന്നു. "മനോഹരിയായ ഒരു സ്ത്രീ ഞങ്ങൾക്കുമുമ്പിൽ കൈവരിച്ച് പിടിച്ച് അരുതേ എന്ന് പറഞ്ഞു. ഞങ്ങൾ അത് വകവെക്കാതെ സർവ്വ ശക്തിയോടുകൂടി കാഞ്ചി വലിച്ചു. ഞങ്ങളിൽ ഒരാൾക്കുപോലും തോക്കിന്റെ കാഞ്ചി വലിക്കാൻ സാധിച്ചില്ല. സ്നേഹമുള്ളവരെ ഇതാണ് ജപമാലയുടെ ശക്തി. സ്നേഹത്തിന്റെ ഈ വജ്രായുധം നമുക്ക് കാവൽ ആയിരിക്കട്ടെ. പരിശുദ്ധ അമ്മയുടെ ഭാവങ്ങൾ നമ്മുടേതും ആകട്ടെ.

എല്ലാ വൈകുന്നേരങ്ങളിലും ജപമാല ചൊല്ലുന്ന കുടുംബം
എത്ര മനോഹരമാണ് - വി. ജോൺപോൾ രണ്ടാമൻ

## നന്ദി



ജോണി ബെപ്പോ

**2015 ഏപ്രിൽ മുതൽ**
**ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ**
**എഡിറ്ററായി സേവനം ചെയ്ത**
**ചിറമ്മൽ ജോണി ബെപ്പോയ്ക്ക്**
**ഇടവക കുടുംബത്തിന്റെ**
**ഹൃദയം നിറഞ്ഞ നന്ദി**



Dr. പോൾ സി. റാഫേൽ



ആനന്ദി സുനിൽ



ബിന്ദു രാജു



ജോയ്സി തോംസൺ തച്ചിൽ

2015 ഏപ്രിൽ മുതൽ ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ
എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി സേവനം ചെയ്ത
**ഡോ. പോൾ സി. റാഫേൽ, ആനന്ദി സുനിൽ, ബിന്ദുരാജു, ജോയ്സി തോംസൺ തച്ചിൽ**
എന്നിവർക്ക് ഇടവക കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി

# സംഘടനാ വാർത്തകൾ

**മാതൃവേദി**

* സെപ്തംബർ 8 മാതാവിന്റെ ജനനതിരുനാൾ ദിവസം ഇടവകയിൽ പതാകവന്ദനവും കേക്ക് മുറിക്കലും അമ്മയ്ക്ക് കേക്ക് കാഴ്ച സമർപ്പണമായി നടത്തി. വി. കുർബാനയിൽ പങ്കുചേർന്നു.
* സെപ്തംബർ 15 വിമലഹൃദയത്തിരുനാളിന് ഒരുക്കമായി സെപ്തംബർ എട്ടാം തിയ്യതി മുതൽ അമ്മമാർക്ക് വേണ്ടി ഇടവകയിൽ വിശുദ്ധ ബലിയർപ്പണം നടത്തി.
* സെപ്തംബർ 13ന് മാതൃവേദി വാർഷികം ഏറ്റവും വിപുലമായി പള്ളി പാരിഷ് ഹാളിൽ നടന്നു.
* സെപ്തംബർ 15 പരി. വ്യാകുല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് തിരുനാൾ കുർബാന, കാരുണ്യസമർപ്പണം, നേർച്ച വിതരണം എന്നിവയ്ക്ക് നേതൃത്വം നൽകി.

**റോസ മിസ്റ്റിക്ക ഡെക്കറേഷൻ**

* പരി. മാതാവിന്റെ ജനനതിരുനാൾ ദിനത്തിലും വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിലും അൾത്താര മനോഹരമായി അലങ്കരിച്ചു.

**തിരുബാലസഖ്യം**

* പരി. അമ്മയുടെ ജനനതിരുനാളിൽ അമ്മയ്ക്ക് കേക്ക് സമർപ്പണം നടത്തി. ഇടവകാംഗങ്ങൾ സമർപ്പിച്ച കേക്കുകൾ ആതുരാലയങ്ങളിലും ആശുപത്രികളിലും നൽകി.
* ഓണസമ്മാന കൂപ്പൺ പുറത്തിറക്കി പ്രവർത്തന ഫണ്ട് കണ്ടെത്തി.

**യൂത്ത് സി.എൽ.സി.**

* ഓണത്തിനോടനുബന്ധിച്ച് ഓണചിപ്സ് വില്പന നടത്തി.
* സെപ്തംബർ 4 വ്യാഴാഴ്ച ഓണകാരുണ്യ വിരുന്നിനോടനുബന്ധിച്ചു കുളങ്ങാട്ടുകര ബഥനി ഭവനിലെ അമ്മമാരോടൊപ്പം ഓണം ആഘോഷിച്ചു.
* സെപ്തംബർ 7ന് ഇടവകയിലെ ഓണാഘോഷത്തിന് നേതൃത്വം നൽകി.
* സെപ്തംബർ 8ന് പരിശുദ്ധ മാതാവിന്റെ ജനനതിരുനാളിന്റെ ഭാഗമായി കുട്ടൻകുളം ഇടവക ദേവാലയം സന്ദർശിക്കുകയും

മധുരം പങ്കുവെയ്ക്കുകയും പള്ളിപ്പണിയിൽ പറ്റുന്ന സഹായം നൽകുകയും ചെയ്തു.


* തിരുനാളിനോടനുബന്ധിച്ച് സെന്റ് മേരീസ് കപ്പേള ഭംഗിയായി അലങ്കരിച്ചു.
* സെപ്തംബർ 27ന് യൂത്ത് സി.എൽ.സി. അംഗങ്ങൾക്ക് ഉണർവ്വ് ക്യാമ്പ് 2025 നടത്തി.

**കത്തോലിക്ക കോൺഗ്രസ്സ്**

* സെപ്തംബർ 2ന് ഇടവക അതിർത്തിയിലെ 25 പാവപ്പെട്ട കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി.
* സെപ്തംബർ 7ന്, 70 വയസ്സിന് മുകളിലുള്ള അപ്പച്ചന്മാർക്ക് ആദരം നൽകി.
* വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോടനുബന്ധിച്ച് തിരുനാൾ കുർബാന, കാരുണ്യ സമർപ്പണം, നേർച്ച വിതരണം, പതാക വന്ദനം എന്നിവയ്ക്ക് നേതൃത്വം നൽകി.
* സെപ്തംബർ 14ന് കത്തോലിക്കാ കോൺഗ്രസ്സ് ദിനമായി ആഘോഷിച്ചു. സംഘടന വാർഷിക പൊതുയോഗവും ക്രൂശിത തിരുമുഖ സമർപ്പണവും കലാപരിപാടികളും നടത്തി.
* സെപ്തംബർ 15ന് പരി. വ്യാകുല മാതാവിന്റെ തിരുനാളിന് ലദ്ദീഞ്ഞ്, പുഷ്പാർച്ചന, നൊവേന എന്നിവയ്ക്ക് നേതൃത്വം നൽകി.

**സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും**

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |



10-ാം ചരമവാർഷികം
13-10-2025
ആലപ്പാട്ട് തോമ
അന്തോണി
ജനനം : 11-10-1943
മരണം 13-10-2015
സ്നേഹസ്മരണകളോടെ : ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


പാവനസ്മരണയ്ക്ക്...
33-ാം ചരമവാർഷികം
19-10-2025
പള്ളിപ്പുറത്ത്
പത്രോസ്
മത്തായി
ചിറളയം - കുന്നംകുളം
സ്നേഹസ്മരണകളോടെ :
ബന്ധുമിത്രാദികൾ


൬-ാം
ചരമവാർഷികം
06-10-2025
കൂളക്കത്ത്
ജേയ്ക്കബ്
ജോണി
ചെറുകുന്ന് - കുന്നംകുളം
ജനനം
11-05-1942
മരണം
06-10-2019
സ്നേഹസ്മരണകളോടെ
ഭാര്യ : ത്രേസ്യ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# ഇടവക ആൽബം

ബൈബിൾ പൂക്കളം 2025



കത്തോലിക്ക കോൺഗ്രസ്സ് ദിനം



മാതൃവേദി ദിനം



# ഇടവക ആൽബം

കുട്ടികൂട്ടായ്മ ബൈബിൾ പൂക്കളം



2024-25 കാലഘട്ടത്തിലെ കൈക്കാരന്മാർക്ക് നന്ദി



പുത്തൻ കൈക്കാരന്മാർക്ക് സ്വാഗതം



സുകൃതം 2025



# ഇടവക ആൽബം

## ഓണം ഫെസ്റ്റ് 2025



## ഡീക്കനച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷം



## ബെർത്തഡേ കേക്ക് സമർപ്പണം



## ഇടവക ചെറിയ തിരുനാൾ 2025 ; ചിറളയം സെന്റ് മേരീസ് കപ്പേള




പാവനസ്മരണയ്ക്ക്
20-ാം ചരമവാർഷികം
13-10-2025
ടി.സി. ഫ്രാൻസീസ്
തറയിൽ ഹൗസ്
ചിറളയം
കുന്നംകുളം
സ്നേഹസ്മരണകളോടെ :
ബന്ധുമിത്രാദികൾ


4-ാം
ചരമവാർഷികം
14-10-2025
ഷീല എപ്പോൾട്ട്
W/o. എപ്പോൾട്ട്
ഇല്ലിക്കൽ ഹൗസ്
കുന്നംകുളം
സന്തപ്ത കുടുംബാംഗങ്ങൾ




Near Veterinary Hospital, **Pattambi Road, Kunnamkulam. Tel: 9207 211078**
**Thrissur Road, Kunnamkulam. Tel: 9400211078**

KM Trading, Abu Shagara, **Sharjah - UAE.**
**T: 06-5570879. M: 00971564465704**

www.tharakansroyaljewellery.com


100% BUY BACK FOR DIAMOND VALUE
HUID CERTIFIED JEWELLERY
INTERNATIONAL GEMOLOGICAL INSTITUTE

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Judith Thressia , Class : I, St. Thomas Kudumbakoottayma

*വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്



### ജൂനിയർ സി.എൽ.സി. പംക്തി

# വി. കൊച്ചുത്രേസ്യ

**ഇസബെൽ റോസ് ജോയ്**

വിശുദ്ധ കൊച്ചുത്രേസ്യ, 1873 ജനുവരി 2ന് ഫ്രാൻസിലെ അലൻസോൺ എന്ന സ്ഥലത്ത് ജനിച്ചു. അവളുടെ മാതാപിതാക്കൾ ലൂയിസ് മാർട്ടിനും സെലീ മാർട്ടിനുമാണ്. ഇരുവരും പിന്നീട് വിശുദ്ധരായി സഭയിൽ അംഗീകരിക്കപ്പെട്ടു. ജനനനാമം മാരി ഫ്രാൻസ്വാസ്സ് ത്രേസ്യ മാർട്ടിൻ എന്നായിരുന്നു. അമ്മയുടെ മരണശേഷം നാലാം വയസ്സിൽ തന്നെ അച്ഛനും സഹോദരിമാരുമായി ലിസ്യു (Lisieux) എന്ന നഗരത്തിലേക്ക് മാറി. ബാല്യകാലത്ത് തന്നെ അവൾക്ക് ദൈവത്തോടുള്ള വലിയ സ്നേഹവും സമർപ്പണവും ഉണ്ടായിരുന്നു. പതിനഞ്ചാം വയസ്സിൽ തന്നെ കാർമലൈറ്റ് ആശ്രമത്തിലേക്ക് പ്രവേശിക്കണമെന്ന ആഗ്രഹം വളർന്നു. തുടക്കത്തിൽ പ്രായക്കുറവ് കാരണം തടസ്സമുണ്ടായെങ്കിലും അവളുടെ ദൃഢനിശ്ചയത്തെ തുടർന്ന് 1888 ൽ സന്യാസിനിയായി പ്രവേശിച്ചു. "ചെറിയ വഴി" (Little Way) എന്ന ആത്മീയ ജീവിതമാണ് അവൾ ലോകത്തിന് നൽകിയ മഹത്തായ സന്ദേശം - അതായത്, വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയാതിരുന്നാലും ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യുക.

ക്ഷയരോഗം ബാധിച്ചതിനാൽ വെറും ഇരുപത്തിനാലാം വയസ്സിൽ, 1897 സെപ്തംബർ 30 - ന് അവൾ അന്തരിച്ചു. മരണാനന്തരമായി പ്രസിദ്ധീകരിച്ച അവളുടെ ആത്മകഥ "ഒരു ആത്മാവിന്റെ കഥ" (Story of a Soul) ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ പ്രചോദിപ്പിച്ചു. 1925 - ൽ അവൾ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. പിന്നീട് 1997 - ൽ പാപ്പാ ജോൺ പോൾ II അവളെ സഭയുടെ അദ്ധ്യാപിക (Doctor of the Church) ആയും പ്രഖ്യാപിച്ചു. അതിനാൽ തന്നെയാണ് അവളെ "ദൈവവിളിയുടെ വിശുദ്ധ" എന്നും "സ്വർഗ്ഗത്തിൽ നിന്ന് പൂക്കൾ വീഴ്ത്തുന്ന വിശുദ്ധ" അതായത് ചെറുപുഷ്പം എന്നും സ്നേഹത്തോടെ വിളിക്കപ്പെടുന്നത്.



## അനുമോദനങ്ങൾ

ആഗസ്റ്റ് മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**ചൊവ്വല്ലൂർ റോബി റോൾസിന്**
*ഇടവകയുടെ*
*അനുമോദനങ്ങൾ*

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................... ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :.................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ഏയ്ഞ്ചൽ സി. ബിന്നി**

Std : III, St. Antony Kudumbakoottayma

*"മഴനനയാതെ ഈ കുടയിലോട്ട്
കേറിവാ മക്കളേ"*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

ടച്ച് മീ
TOUCH ME

പാരിഷ് ബുള്ളറ്റിൻ

# വചന കലണ്ടർ

## 2025 ഒക്ടോബർ OCTOBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **01**<br>എഫേ 3:14 – 19<br>മത്താ 18:1 – 5 | **02**<br>ശ്ലീഹ 12:6 – 11<br>മത്താ 18:10 – 14 | **03**<br>തിത്തോസ് 2:6 – 10<br>ലൂക്കാ 11:5 – 13 | **04**<br>ഗലാ 6:14 – 17<br>മത്താ 11:25 – 30 |
| **05**<br>നിയ 11:1 – 9 (11:1 – 12)<br>ഏശ 40:12 – 17(40:1 – 17)<br>2 കോറി 2:12 – 17 (1:23 – 2:17)<br>മത്താ 20:1 – 16 | **06**<br>തിമോ 3:1 – 7<br>ലൂക്കാ 10:38 – 42 | **07**<br>ഹെബ്രാ 4:1 – 11<br>ലൂക്കാ 11:14 – 23 | **08**<br>1 കോറി 1:24 – 31<br>ലൂക്കാ 11:24 – 26 | **09**<br>ഹെബ്രാ 10:1 – 10<br>ലൂക്കാ 9:28 – 36 | **10**<br>1 പത്രോ 3:1 – 7<br>ലൂക്കാ 20:27 – 40 | **11**<br>ഫിലി 2:12 – 16<br>യോഹ 4:46 – 54 |
| **12**<br>നിയ 11:26 – 32 (11:13 – 12:1)<br>ഏശ 41:1 – 7(40:18 – 41:7)<br>ഗലാ 5:16 – 26(5:1 – 26)<br>ലൂക്കാ 8:41 – 56 | **13**<br>ഹെബ്രാ 10:19 – 25<br>മത്താ 18:10 – 14 | **14**<br>ഗലാ 6:11 – 18<br>ലൂക്കാ 4:38 – 44 | **15**<br>കൊളോ 2:20 – 3:4<br>യോഹ 14:18 – 24 | **16**<br>1 പത്രോ 4:12 – 19<br>യോഹ 10:1 – 15 | **17**<br>റോമാ 8:35 – 39<br>യോഹ 12:20 – 26 | **18**<br>കൊളോ 4:10 – 15<br>(4:10 – 15+<br>2കോറി 8:16 – 24)<br>ലൂക്കാ 10:1 – 9 |
| **19**<br>നിയ 13:12 – 18<br>ഏശ 41:8 – 16 (41:8 – 20)<br>1 കോറി 9:13 – 18<br>മത്താ 10:1 – 15 | **20**<br>ഹെബ്രാ 2:10 – 18<br>മത്താ 24:3 – 14 | **21**<br>1 തെസ 4:9 – 12<br>മത്താ 25:14 – 30 | **22**<br>2 കോറി 13:5 – 10<br>മത്താ 21:18 – 22 | **23**<br>ഹെബ്രാ 4:12 – 13<br>ലൂക്കാ 9:46 – 48 | **24**<br>ഹെബ്രാ 10:11 – 18<br>മത്താ 16:5 – 12 | **25**<br>യൂദാ 5 – 7<br>യോഹ 9:17 – 23 |
| **26**<br>നിയ 12:29 – 32<br>(12:29 – 32, 14:12)<br>ഏശയ്യ 42:1 – 9(41:21 – 42:9)<br>1 തിമോ 5:1 – 10(5:1 – 16)<br>മത്താ 22:23 – 33(22:23 – 37) | **27**<br>2 കോറി 9:11 – 15<br>ലൂക്കാ 11:46 – 54 | **28**<br>ഹെബ്രാ 4:14 – 16<br>ലൂക്കാ 13:18 – 21 | **29**<br>ഹെബ്രാ 13:1 – 6<br>ലൂക്കാ 17:1 – 10 | **30**<br>വെളി 2:1 – 7<br>മത്താ 6:22 – 24 | **31**<br>വെളി 21:1 – 4<br>മത്താ 24:15 – 24 | **01**<br>1 യോഹ 3:1 – 3<br>മത്താ 5:1012 |

# Solemn Holy Communion



## *Joseph Puthanangady*
## *Alex Puthanangady*

S/o Dr. Johny Joseph & Dr. Sangeeta
Grand Children of Dr. P J Joseph & Mrs. Jessy
Puthanangady house
Thrissur Road, Kunnamkulam







# ആധുനിക
# സജ്ജീകരണങ്ങളോടുകൂടിയ
# മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി പരിശോധനകളും കുറഞ്ഞ നിരക്കിൽ,
ഹെൽത്ത് കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ എടുക്കാൻ സൗകര്യം,
ഹോം കളക്ഷൻ സർവീസ് മുൻകൂട്ടി ബുക്കിംഗ് പ്രകാരം വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

**MIKHAEL**
**BIO TECH DIAGNOSTICS CENTER**
**ലബോറട്ടറി**

Liwa Tower Shopping Complex
**KUNNAMKULAM**
**8 30 40 80 444**

**ഞായറാഴ്ചകളിൽ തുറന്ന് പ്രവർത്തിക്കുന്നു**
**പ്രവർത്തന സമയം : രാവിലെ 7 മണി മുതൽ ഉച്ചക്ക് 12 മണി വരെ**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM